കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരിമ്പുഴ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2017-18

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

**E-mail:- dopkd.ksad@gov.in**

നം.കെ.എസ്.എ.പി.കെ.ഡി.12-2397/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി- 12.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരിമ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കരിമ്പുഴ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.12-2397/18 തിയ്യതി:-12.02.2019

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-8-2017മുതൽ 06-09-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-09-2018 മുതൽ<br>20-09-2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.യു.ബിജു ആന്റണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം.ശിവപ്രസാദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.കന്ദസ്വാമി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീബ.പി.ടി. | 1-4-17 മുതൽ 31-03-18വരെ |
| സെക്രട്ടറി | സുരേഷ് പി<br>(അസി.സെക്രട്ടറി ഇൻ ചാർജ്) | 1-4-17 മുതൽ7-5-17 വരെ<br>11-8-17 മുതൽ 4-10-17വരെ<br>13-1-18 മുതൽ 28-1-18വരെ<br>6-3-18 മുതൽ 31-3-18വരെ |
| | അബ്ദുൾ അസീസ് എ | 8-5-17 മുതൽ 18-6-17വരെ |
| | | 29-1-18 മുതൽ 5-3-18വരെ |
| | മനോജ്.കെ | 19-6-17 മുതൽ 10-8-17വരെ |
| | അശോക് കുമാർ സി<br>(അഡീ.ചാർജ്) | 5-10-17 മുതൽ 13-11-17വരെ |
| | ശ്രീകുമാർ.ആർ | 13-11-17 മുതൽ 12-1-18വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | അനൂപ് വിജയൻ | 1-4-17 മുതൽ<br>31-9-17 വരെ |
| | രാഖി മോൾ എം.എസ് | 01-8-17 മുതൽ<br>31-10-17 വരെ |
| | ഡോ.ആശ വി. പിള്ള | 1-11-2017 മുതൽ<br>31-3-18 വരെ |
| വി.ഇ.ഒ | സ്മിത സുധാകർ<br>സി.എസ് | 1-4-17 മുതൽ<br>31-3-18 വരെ |
| ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.സുഷമ.വി.ജി | 1-4-2017 മുതൽ<br>3-10-17 വരെ |
| | ശ്രീമതി.നസീമ എം | 4-10-17 മുതൽ<br>26-12-17വരെ |

| | | |
|---|---|---|
| | ശ്രീമതി.സുജ കെ.കെ | 27-12-17 മുതൽ 31-3-18 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. അനിത കെ | 1-4-2017 മുതൽ 30-6-17വരെ |
| | ശ്രീമതി. ശ്രീവിദ്യ.എസ് | 1-7-17 മുതൽ 29-01-18 വരെ |
| | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 30-1-18 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.അശ്വതി മേനോൻ | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ആശ എസ് | 1-4-17 മുതൽ 31-3-18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രഞ്ജിത് ശങ്കർ | 1-4-17 മുതൽ 31-03-18 വരെ |
| അസി.സെക്രട്ടറി | സുരേഷ് പി. | 1-4-17 മുതൽ 31-3-18 വരെ |
| ഹെഡ് മാസ്റ്റർ | ഇ.എസ്.പരമേശ്വരൻ | 1-4-17 മുതൽ 31-3-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | അനീഷ് നാരായണൻ | 1-4-17 മുതൽ 31-3-18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27-03-17 തിയതിയിലെ തീരുമാനം 1(2) പ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 22-05-2018 | ----- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06-07-2018 | No.KSA/PKD/21/1904(73)/2018 dt.29.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25904845 |
| വരവ് | 57864155 |
| ആകെ | 83769000 |
| ചെലവ് | 76613490 |
| നീക്കിയിരിപ്പ് | 7155510 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | | 0 | 16514000 | 16514000 | 11771843 | 4742157 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | | 0 | 14623065 | 14623065 | 11103898 | 3519167 |
| വികസന ഫണ്ട് ടി.എസ്.പി (ACR പ്രകാരം) | | 0 | -- | -- | -- | -- |
| മെയിന്റനൻസ്ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 5610000 | 5610000 | 4278286 | 1331714 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 3620000 | 3620000 | 2868734 | 751266 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7755717 | 7755717 | 4267791 | 3487926 |
| KLSGDP (ACR പ്രകാരം) | | 0 | 3515489 | 3515489 | 3450130 | 65359 |
| സാക്ഷരത | | 8865 | 330 | 9195 | 0 | 9195 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| MGNREGS | തൊഴിലാളികളുടെ കൂലി | 314902 | 19174721 | 19174721 | 19174721 | 12990 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 795388 | 1110290 | 1097300 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 497500 | 497500 | 497500 | 0 |
| | ജില്ലാ പഞ്ചായത്ത് | 45250 | 525000 | 570250 | 570250 | 0 |
| ബി ഫണ്ട് | | 0 | 44400 | 44400 | 44400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 17987711 | 11734851 | 29722562 | 28365445 | 1357117 |
| തനത് ഫണ്ട് | | 6154541 | 6134207 | 12288748 | 8780137 | 3508611 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 75929626 | 165 | 43952456 | nil | 123 | 57.49 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 4604212 | 2828760 | 61.43 |
| വി.ഇ.ഒ | 5 | 4 | 8896500 | 8130000 | 91.3 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 4548343 | 3551273 | 78 |
| സെക്രട്ടറി | 15 | 8 | 1936217 | 741986 | 38.3 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 217 | 116 | 38389962 | 20693616 | 53.90 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 5 | 2306942 | 805745 | 34.9 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 400000 | 400000 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 2 | 4750400 | 907350 | 19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 600000 | 100 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 5 | 3 | 1737500 | 1587500 | 91.3 |
| അസി.സെക്രട്ടറി | 19 | 14 | 7759550 | 3706226 | 47.7 |
| ആകെ | 287 | 165 | 75929626 | 43952456 | 57.8 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44400 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 10202700 | 864 |
| വിധവാപെൻഷൻ | 16255700 | 1376 |
| വാർദ്ധക്യകാല പെൻഷൻ | 21882300 | 1720 |
| വികലാംഗപെൻഷൻ | 4569400 | 434 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1016600 | 114 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-10-18ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9901/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന്

ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

5. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

6. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

7. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

8. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

9. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും വരവ്-ചെലവുകൾ ഒന്നുമില്ലാതെ നിർജ്ജീവമാണ്.

10. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടിസ്വീകരിച്ചിട്ടില്ല,

11.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല

12.മോണിറ്ററിംങ് സംവിധാനം നിലവിലില്ല.

13.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-09-2018 | 08/2018 | 25-09-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-05-2011 മുതൽ 25-5-2011 വരെ | 2006-07 മുതൽ 2010-11 വരെ | 4-7-2011 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കൂടുതൽ പരാമർശമില്ല (അനുബന്ധം(1) കാണുക)

1-12. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് പ്രൊജക്ടുകൾ ഒന്നും വെച്ചിട്ടില്ല.

മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 166ം വകുപ്പ് 3ം പട്ടിക പ്രകാരം മാലിന്യങ്ങൾ ശേഖരിക്കുകയും, കൈയൊഴിയുകയും ചെയ്യുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രദേശത്തെ തെരുവുകൾ പതിവായി തൂത്തു വാരുന്നതിനും ,സ്വകാര്യ പരിസരങ്ങളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മുഴുവനായൊ ഭാഗികമായൊ കരാറടിസ്ഥാനത്തിലൊ, നേരിട്ടൊ ഏർപ്പാട് ചെയ്യേണ്ടതാണ്.

എന്നാൽ മാലിന്യ നിർമാർജനത്തിനായി 2015-16, 2016-17,2017-18 സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ തുകയൊന്നും വകയിരുത്തിയതായൊ , മറ്റു നടപടികൾ എന്തെങ്കിലും സ്വീകരിച്ചതായൊ കാണുന്നില്ല.

കലാ-കായിക രംഗം പ്രോത്സാഹിപ്പിക്കുന്നകിന് പ്രൊജക്ടുകൾ ഒന്നും ഇല്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് കലാ-കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിനാണ്. എന്നാൽ ബജറ്റിൽ അതിനായി യാതൊരു തുകയും വകയിരുത്തിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

1-13. പൗരാവകാശരേഖ കാലികമാക്കിയിട്ടില്ല.

1994 ലെകേരള പഞ്ചായത്ത് രാജ് നിയമം 272 എ , 2004 ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ,ചട്ടം 4 പ്രകാരം പൌരാവകാശ രേഖ അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതും, ചട്ടം 9 പ്രകാരം പൌരാവകാശ രേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കേണ്ടതും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

കരിമ്പുഴ ഗ്രാമപഞ്ചായത്ത് 2016 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.എന്നാൽ 2016 ന ശേഷം പൊതുഭരണം, ധനകാര്യം വർക്കിങ്ങ് ഗ്രൂപ്പിൽ പൗരാവകാശരേഖ പുതുക്കുന്നതിനും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്യുകയൊ നിയമാനുസൃതം പൗരാവകാശരേഖ പുതുക്കി

പ്രസിദ്ധീകരിക്കുകയൊ ചെയ്തിട്ടില്ല.

പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-14. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3,4,5,6 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രക്രതി ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണെന്നും , നിധിയുമായി ബന്ധപ്പെട്ട രസീത് ബുക്ക്, ബാങ്ക് പാസ് ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

എന്നാൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.5/11.10.2018ന് ചട്ട പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

ചട്ട പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. കേരളപഞ്ചായത്ത് രാജ് നിയമം 162 എ (1) ാം വകുപ്പ് പ്രകാരം ബജറ്റ് രൂപീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ പെടുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ,ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31 ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച

ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി കൈമാറിയതായോ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം

2.നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം.

3.ഘടകസ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം.

4.ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാററിൽ സമർപ്പിക്കണം

5.സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം

6.സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം

7.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ട കോട്ട വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരവും അവലംബമാക്കി ഓരോ വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ വിഷയമേഖലയിൽ അവസ്ഥാരേഖ (Status Report) തയ്യാറാക്കേണ്ടതുണ്ട്. ഈ അവസ്ഥാ രേഖയിൽ ദീർഘകാല ലക്ഷ്യങ്ങളും, അതായത് 2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രദ്ധിക്കണമെന്നും, അതുപോലെ പതിമൂന്നാം പദ്ധതിയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യതയോടെ നിർവ്വചിക്കേണ്ടതുമുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടായിരിക്കണം പദ്ധതികൾ രൂപീകരിക്കേണ്ടത്.
ഗ്രാമപഞ്ചായത്തിൽ എല്ലാ വിഷയമേഖലയിലുമായി ബന്ധപ്പെട്ട അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ പൂർണ്ണമല്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്നങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്ത് അവിടെ നിന്നുള്ള നിർദേശങ്ങൾ ക്രോഡീകരിച്ച് പ്ളാൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്ളാൻ എസ്റ്റിമേറ്റും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് വാർഷിക പദ്ധതി തയ്യാറാക്കുകയും ഈ വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുകയും ചെയ്യേണ്ടതുമാണ്.
എന്നാൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വരും വർഷങ്ങളിൽ ഈ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ

## അപാകതകൾ.

വസ്തു നികുതി നിർണ്ണയം ചട്ടപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിന്റെ ഭാഗമായി സഞ്ചയയിലെ ഫോം.6 ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു. 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് ചതുര മീറ്ററിന് 40/-രൂപയും കൈത്തറി ഷെഡുകൾക്ക് 15/-രൂപയുമാണ് ചതുരശ്ര മീറ്ററിന് കരിമ്പുഴ ഗ്രാമപഞ്ചായത്ത് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക്. എന്നാൽ സ്ഥാപനങ്ങളെ തെറ്റായ ഗണത്തിൽ പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു.

| ക്രമ നം. | പേര്. | കെട്ടിട നമ്പർ | ഉപയോഗം | ഉൾപ്പെടുത്തിയിരിക്കുന്ന ഗണം |
|---|---|---|---|---|
| 1. | അനിത.പി.ആർ | 13/209A | തുണി കച്ചവടം (നന്ദിനി ഹാന്റ് ലൂംസ്) | കൈത്തറി ഷെഡ് |
| 2. | കൃഷ്ണകുമാർ | 13/209B | തുണി കച്ചവടം (മാലിനി ടെക്സ്റ്റയിൽസ്) | കൈത്തറി ഷെഡ് |

മേൽ ഷോപ്പുകളെ വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി 40/-രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിനു പകരം കൈത്തറി ഷെഡ് ഗണത്തിൽ പെടുത്തി 15/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു. തൻമൂലം പഞ്ചായത്തിന് നികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.11/12.10.2018ന് കെട്ടിട ഉടമയ്ക്ക് നികുതി പുന:നിർണ്ണയിച്ച് കത്ത്, ഡിമാന്റ് നോട്ടീസ് എന്നിവ നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

നികുതി പുന:നിർണ്ണയിച്ച് തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|

| നം | | |
|---|---|---|
| 1 | ഐഡിയൽ ക്രംമ്പ് റബർ ഫാക്ടറി | IInd |
| 2 | കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി, എലമ്പുലാശ്ശേരി | IInd |

ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പരിശോധനയ്ക്ക് നൽകിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കരിമ്പുഴ | IInd |
| 2 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ആട്ടശ്ശേരി | IInd |
| 3 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, എലമ്പുലാശ്ശേരി | IInd |
| 4 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വടക്കപ്പുറം | Ist & Iind |
| 5 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പൊമ്പ്ര | IInd |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി അന്റ് ഓ ലൈസൻസ്-കണ്ടെത്തിയ അപാകതകൾ

1.ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ്ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്ക് മുമ്പ് ചട്ടം 10ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ

അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.

ടി ഭേദഗതികൾ കമ്മിറ്റിയിൽ ചർച്ച ചെയ്യതായി കാണുന്നില്ല. പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനും ആയതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഡി അന്റ് ഓ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2017-18 ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ കരിമ്പുഴ പഞ്ചായത്തിൽ 18 വാർഡുകളിലായി 478 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.എന്നാൽ ഡി അന്റ് ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം ഡി അന്റ് ഓ ലൈസൻസ്എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 241 എണ്ണം മാത്രമാണെന്ന് കാണുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ ഇക്കാരണത്താൽ ഡി & ഒ ലൈസൻസ് ഫീ ഇനത്തിലും സ്ഥാപന തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിയ്ക്കാവുന്നതാണ്.
3.അഗ്നി ശമന സേനാവകുപ്പിൽ നിന്നും NOC ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
1. അനു.എ, ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ നം. 191/2017-18 കെട്ടിട നമ്പർ : 2/200A.ഗ്യാസ് ഗോഡൗൺ
2. ഷാനിബ, ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ നം :236/2017-18.കെട്ടിട നമ്പർ : 3/481-B.പെട്രോൾ പമ്പ്.
4.പട്ടി, പന്നി എന്നിവയ്ക്കായി സൂക്ഷിക്കുന്ന രജിസ്റ്റർ പൂർണ്ണമല്ല.
2016-17 സാമ്പത്തിക വർഷം 57 ലൈസൻസ് അനുവദിച്ചിരുന്നു.എന്നാൽ 2017-18 വർഷം ലൈസൻസ് പുതുക്കിയിരിക്കുന്നത് 6 എണ്ണം മാത്രമാണ്.
5.പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടെയും, പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, പുതുക്കൽ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ കരിമ്പുഴ ഗ്രാമ പഞ്ചായത്തിൽ ഈ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം. 9/12.10.2018ന് അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് ബോധിപ്പിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 2-5 മൊബൈൽ ടവർ-വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന കെട്ടിട നമ്പറുകളിലായി 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. താഴെ പറയുന്ന സ്ഥാപനങ്ങൾ 2013-14 മുതലുള്ള കുടിശ്ശിക തുക അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | ടവറിൻെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Reliance Communication | 3/416 A | 35943/- |
| 2 | SR Telecommunication | 13/575 | 13966/- |
| 3 | Airtel Tower | 13/588 | 16272/- |
| 4 | Indus Towers | 14/66 A | 42400/- |
| | | Total | 108581/- |

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 243 കിട്ടാനുള്ള തുകകളുടെ കാലഹരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. ആയതു പ്രകാരം കിട്ടാനുള്ള തുക കാലഹരണപ്പെട്ടത് ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് കാണപ്പെട്ടാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്. ആയതിനാൽ മൊബൈൽ ടവറുകളുടെ കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് പ്രൊജക്ടുകൾ ഒന്നും വെച്ചിട്ടില്ല.

ഭാഗം.1-ൽ പൊതു അവലോകനം ഖണ്ഡിക 1-12 ആയി ഉൾകൊള്ളിച്ചിട്ടുണ്ട്.

## 2-7 പൗരാവകാശരേഖ കാലികമാക്കിയിട്ടില്ല.

ഭാഗം.1-ൽ പൊതു അവലോകനം ഖണ്ഡിക 1-13 ആയി ഉൾകൊള്ളിച്ചിട്ടുണ്ട്.

## 2-8 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

ഭാഗം.1-ൽ പൊതു അവലോകനം ഖണ്ഡിക 1-14 ആയി ഉൾകൊള്ളിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ അവലോകനം

1) ജാതിതൈ വിതരണം - പദ്ധതി വിഹിതത്തിൽ നിന്നും അധികം തുക നൽകുകയും

ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കുകയും ചെയ്തത് ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ബിൽ നമ്പർ : 3/17-18 dt 8.2.18

പ്രൊജക്ട് നമ്പർ : 164

ജാതിതൈ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് പദ്ധതി വിഹിതത്തിൽ നിന്നും താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|
| അടങ്കൽ | 387500 | 96875 | 484375 |
| ചെലവ് | 175000 | 40000 | 215000 |

VFPCK പ്രോസസിംഗ് പ്ലാന്റ് ആലത്തൂരിൽ നിന്നും 1100 തൈകൾ താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-18/1905 dt 11.01.2018)

| ക്രമനമ്പർ | ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|---|
| 1 | Nutmeg Bud | 700 | 250 | 1,75,000 |
| 2 | Nutmeg (2 ft) | 400 | 100 | 40,000 |
| Total | | | | 2,15,000 |

2,15,000/-രൂപ നൽകിയതിൽ 1,75,000/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി 40,000/-രൂപ ഗുണഭോക്തൃ വിഹിതവുമായാണ് നൽകിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ 80/2017/തസ്വഭവ തീയ്യതി 3.4.17 പ്രകാരം എല്ലാവിഭാഗത്തിനും നൽകാവുന്ന പരമാവധി സബ്സിഡി ആനുകൂല്യം 75% മാത്രമാണ്. അതു കൊണ്ടു തന്നെ ആകെ ചെലവാക്കിയ തുകയുടെ 25% ഗുണഭോക്തൃ വിഹിതമായി ലഭിക്കേണ്ടതാണ്. എന്നാൽ ഈ ഇനത്തിൽ ലഭിക്കേണ്ട 53750/- രൂപ ലഭിച്ചിട്ടില്ല.

ഒരാൾക്ക് 875/-രൂപ നിരക്കിൽ 50 പേരിൽ നിന്നും 43750/- രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും 40000/- രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതമായി നൽകിയിരിക്കുന്നത്. ബാക്കി 3750/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപമായി കിടക്കുകയാണ്.

ഒരാൾക്ക് 22 തൈ പ്രകാരം (ക്രമനമ്പർ 1 ൽ നിന്നും 14 ഉം ക്രമനമ്പർ 2 ൽ നിന്നും 8 എണ്ണം വീതവും) 50 ഗുണഭോക്താക്കൾക്ക് ആകെ 1100 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ആയതിനാൽ ഒരു ഗുണഭോക്താവിന് നൽകിയ 4300/- രൂപയിൽ (14*250+8*100) 1075/- രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്നും കുറവായി ഈടാക്കിയ 10000/- രൂപ ഈടാക്കുകയും പദ്ധതി വിഹിതത്തിൽ നിന്നും അധികം ചെലവഴിച്ച 13750/- രൂപ തിരിച്ചടക്കുകയും ചെയ്യേണ്ടതാണ്.

2) വാഴകൃഷി വികസനം - സബ്സിഡി നിരക്കിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് വളം (ജൈവവളം,കുമ്മായം,രാസവളം) വാങ്ങിയ ഇനത്തിൽ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യിരിക്കുന്നത്.

| ഇനം | പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| തെങ്ങ്കൃഷി വികസനം | 224 | 687500 | 311300 | 7/17-18 dt 17.3.18 |
| വാഴ കൃഷി വികസനം | 240 | 687500 | 346750 | 9/17-18 dt 17.3.18 =3,01,750<br>11/17-18 dt 28.3.18 = 45,000 |
| വാഴ കൃഷി വികസനം (വനിത) | 22 | 359837 | 15000 | 8/17-18 dt 17.3.18 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ 80/2017/തസ്വഭവ തീയ്യതി 3.4.17 പ്രകാരം കർഷക ഗ്രൂപ്പുകൾ, കർഷകർ,കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുതലായവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനം നടത്തുന്ന മാലിന്യസംസ്കരണ പ്ലാന്റുകൾ എന്നിവിടങ്ങളിൽ നിന്നും കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്.ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണ്. ജൈവവളം, കുമ്മായം തുടങ്ങിയവക്ക് 75% സബ്സിഡിയും രാസവളത്തിന് 50% സബ്സിഡിയുമാണ് നൽകേണ്ടത്. ഒരാൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി തുക തദ്ദേശസ്വയംഭരണസ്ഥാപനം നിശ്ചയിക്കേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ സബ്സിഡി പരിധി തുക നിശ്ചയിക്കാതെ തെങ്ങ്, വാഴ എന്നീ ഇനങ്ങൾക്ക് ഒന്നിന് 50 രൂപ നിരക്കിൽ വളം വാങ്ങിയതിന്റെ വില ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാനാണ് പ്രൊജക്റ്റ് രൂപീകരിച്ചിരിക്കുന്നത്.

വാഴകൃഷി വികസനം (ജനറൽ) എന്ന പ്രൊജക്റ്റിൽ രാധാകൃഷ്ണൻ.എൻ, കിളയിൽ വീട്, കരിമ്പുഴ (പി.ഒ) എന്ന വ്യക്തിക്ക് 800 വാഴ കൃഷി ചെയ്തതിന് ഒന്നിന് 50 രൂപ ക്രമത്തിൽ 40,000 രൂപ നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ഖ.2.17 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധി പൊതുവിഭാഗത്തിന് 30,000 രൂപയാണ്. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ 10,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ആസൂത്രണസമിതി, സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, ഗ്രാമസഭാനിർദ്ദശങ്ങൾ, വികസന സെമിനാർ എന്നിങ്ങനെ വിവിധ ആസൂത്രണഘട്ടങ്ങളിലൂടെ മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെടുന്നവ. എന്നാൽ നിർവ്വഹണ ഘട്ടത്തിൽ ഇതിൽ നിന്നും വിഭിന്നമായി പദ്ധതി നടപ്പിലാക്കപ്പെടുന്നത് ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വന്ന

പോരായ്മയാണ്. ആയത് സംബന്ധിച്ച് മോണിറ്ററിംഗ് ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മോണിറ്റർ ചെയ്യുകയോ കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ ഉണ്ടായിട്ടില്ല.

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ താഴെപ്പറയുന്നവയുടെ ഫയലുകൾ ഇതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ബിൽ നം., തീയ്യതി | ബിൽ തുക(രൂ) |
|---|---|---|
| കണ്യാർക്കാവ് ഉവ്വശ്ശേരിക്കുന്ന് റോഡ് റീടാറിംഗ് | 41/3-1-2018 | 284949 |
| പഞ്ചായത്ത് ഓഫീസ് നവീകരണം | 44/3-1-1=2018 | 377001 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/20-10-2018 ന് മറുപടിയായി ഫയലുകൾ താൽക്കാലികമായി ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഫയലുകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക 661950/- തടസ്സത്തിൽ വെയക്കുന്നു.

## 3-3 എസ്റ്റിമേറ്റിൽ പ്രവൃത്തിപൂർത്തീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾക്കൊള്ളിക്കുന്നില്ല.

ജി.ഓ.(എം.എസ്) നം.72/2018, എൽ.എസ്.ജി.ഡി, തീ.29-3-2017 പ്രകാരമുള്ള പദ്ധതി മാർഗരേഖ പ്രകാരം ബിൽഡിങ്ങുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ പ്രവൃത്തികളിൽ ആയവയുടെ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾക്കൊള്ളിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്ട് ആയി പദ്ധതി ആവിഷ്കരിക്കണമെന്നും എസ്റ്റിമേറ്റിൽ ഓരോ വർഷത്തെയും പ്രവൃത്തികൾ പ്രത്യേകം സൂചിപ്പിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പല കുടിവെള്ള പദ്ധതികളിലും പ്രവൃത്തിപൂർത്തീകരണത്തിന് ആവശ്യമായ പല ഇനങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ചെലവ് തുക | ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ | പൂർത്തീകരണത്തിന് ആവശ്യമായതും എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതുമായ ഇനങ്ങൾ |
|---|---|---|---|
| കുടിക്കാവ് കുടിവെള്ള പദ്ധതി | 200873 | ടാങ്കിന്റെ പ്ലാറ്റ് ഫോം, സിന്തറ്റിക്ക് ടാങ്ക് | പെപ്പ് ഇടൽ (കിണറിൽ നിന്നും ടാങ്ക് വരെ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ) |

പ്രവൃത്തി പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ താഴെപ്പറയുന്ന പൊതു അപാകതകൾ കാണുന്നു.

എ) ടെണ്ടർ രജിസ്റ്ററിൽ പല ഭാഗത്തും രേഖപ്പെടുത്തലുകൾ അപൂർണമാണ്. (ടെണ്ടർ നടത്തിയ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല, വിജയിയായ ടെണ്ടറുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, ഭരണസമിതി തീരുമാനം രേഖപ്പെടുത്തിയിട്ടില്ല മുതലായവ)

ബി) M.Book രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ, റോഡ് രജിസ്ററർ എന്നിവ തൻവർഷം സൂക്ഷിച്ചിട്ടില്ല.

സി) പല പ്രോജക്ടുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് അടക്കം ചെയ്തിട്ടില്ല, പലതിലും എസ്റ്റിമേറ്റ് റിപ്പോർട്ട് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.എലുമ്പുലാശ്ശേരി പി.എച്ച്.സി. റിപ്പയർ, പെരിയാലി കുടിവെള്ള പദ്ധതി,എന്നിവയിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരിപ്പമണ്ണ കുടിവെള്ള പദ്ധതി, ഇ.എം.എസ്. കോളനി റോഡ് എന്നിവയിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.

അടിസ്ഥാന രേഖകളിൽ ഇപ്രകാരം അപാകതകൾ ഉൾപ്പെട്ടാൽ ടെണ്ടർ നടപടികളിൽ അവ്യക്തതകൾക്ക് കാരണമായേക്കും. ഇത് തർക്കങ്ങളിലേക്കും നിയമപരമായ കാര്യങ്ങളിലേക്കും നീങ്ങാൻ സാധ്യതയുണ്ട്. കൂടാതെ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലും അപാകതകൾക്ക് ഇത് ഇടയാക്കിയേക്കാം. ആർക്കും വ്യക്തമായ ഉത്തരവാദിത്വം ഇല്ലാത്ത രീതിയിൽ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ ബാധിക്കാനും സാധ്യതയുണ്ട്.

മരാമത്ത് പ്രവൃത്തികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേഖലയിൽ ഉൾപ്പെടുന്നതിനാൽ മേല്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു. ഭരണസമിതിയും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 3-5 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -പ്രൊജക്ട് നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ :2/17

ബിൽ നമ്പർ : 17/17-18 dt 31.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 3,60,000

ചെലവ് : 1,35,626

പട്ടികജാതി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ എന്ന പ്രൊജക്ട് പ്രകാരം 1,35,626 രൂപ 34

സൈക്കിൾ വാങ്ങിയതിനായി അയനിക്കൽ സൈക്കിൾസ്, ചാത്തന്നൂർ എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-48/23.3.18)

| എണ്ണം | നിരക്ക് | തുക | CGST | SGST | ആകെ |
|---|---|---|---|---|---|
| 34 | 3562 | 121108 | 7259 | 7259 | 135626 |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) താഴെ പറയുന്ന സ്കൂളുകൾ സൈക്കിളുകൾ ലഭ്യമായതിന്റെ രസീതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഏതെല്ലാം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല.

പി.പി.ടി.എം.ഹൈ സ്കൂൾ, പൊമ്പ്ര -5

കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര -16

b) 13 സൈക്കിളുകൾ വിദ്യാർത്ഥികൾക്ക് നേരിട്ടാണ് വിതരണം ചെയ്തിരിക്കുന്നത്.

സബ്സിഡിമാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ 80/2107/ത.സ്വ.ഭ.വ തീയ്യതി 3.4.2017 പ്രകാരം സൈക്കിളുകൾ സ്കൂൾ അധികൃതർ മുഖേനയായിരിക്കണം വിതരണം ചെയ്യേണ്ടത്. ഈ നിബന്ധന പാലിച്ചിട്ടില്ല.

c) താഴെ പറയുന്ന വിദ്യാർത്ഥികൾ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപെട്ടിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | കൃഷ്ണബേബി.സി<br>D/o.ഉണ്ണികൃഷ്ണൻ | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |
| 2 | കൃഷ്ണബിന്ദു.സി<br>D/o.ഉണ്ണികൃഷ്ണൻ | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |
| 3 | വിന്യാമോൾ.എം<br>D/o.നാരായണൻകുട്ടി | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |
| 4 | സ്മൃതി.എൻ<br>D/o.വെളുത്തേക്കൻ | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |
| 5 | സൗമ്യ.സി<br>D/o.മുരളി | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |
| 6 | ശ്രീരേഖ.പി<br>D/o.ശങ്കരൻ | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |

| | | |
|---|---|---|
| 7 | സാന്ദ്ര.പി<br>D/o.രാധാകൃഷ്ണൻ | കരിമ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ, തോട്ടര |
| 8 | രാധിക എം.പി<br>D/o.രാമകൃഷ്ണൻ | ടി.എസ്.എൻ.എം ഹൈസ്കൂൾ<br>കുണ്ടൂർകുന്ന് |
| 9 | സിന്ധു എം.സി<br>D/o.കുട്ടൻ | ടി.എസ്.എൻ.എം ഹൈസ്കൂൾ<br>കുണ്ടൂർകുന്ന് |
| 10 | വർഷ.എൻ<br>D/o.രവികുമാർ | ടി.എസ്.എൻ.എം ഹൈസ്കൂൾ<br>കുണ്ടൂർകുന്ന് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/17.10.18) അപാകതകൾ പരിഹരിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യുന്നത് മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്.

തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് (രൂ.) |
|---|---|---|---|
| 1 | 41/18 | തോട്ടര എം.എൽ.എ റോഡ് ചേരിക്കൽപാടം റോഡ് കോൺക്രീറ്റ് | 100000 |
| 2 | 72/18 | തോട്ടര എ.എച്ച്.എം. സ്കൂൾ റോഡ് കോൺക്രീറ്റ് | 100000 |
| 3 | 87/18 | കാരക്കാട് കുരിശുപള്ളി റോഡ് കോൺക്രീറ്റ് | 100000 |
| 4 | 92/18 | ചീരത്തടം ചാമപ്പറമ്പ് റോഡ് കോൺക്രീറ്റ് | 150000 |
| 5 | 96/18 | പനാംകുന്ന് നാരായക്കട റോഡ് കോൺക്രീറ്റ് | 400000 |
| 6 | 97/18 | പൂളിക്കാടൻ പന്തലിങ്ങൽക്കുന്ന് റോഡ് കോൺക്രീറ്റ് | 100000 |
| 7 | 100/18 | ചോലപ്പുളിയാലിൽ റോഡ് കോൺക്രീറ്റ് | 150000 |

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്.

തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷം റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിങ്ങ് തുടങ്ങിയ നിർമാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിയ റോഡുകളുലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമാണ പ്രവൃത്തികൾക്കും ഉപയോഗിക്കേണ്ടത്. ഇക്കാര്യങ്ങളെല്ലാം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.11.2012-ലെ നം.68228/എഫ്.എം.1/2012 പ്രകാരമുള്ള സർക്കുലർ മുഖേന വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികളിലെല്ലാം പ്രസ്തുത നിർദേശങ്ങൾ പാലിച്ചുകാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/20-10-2018 ന് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയുടെ 28/7/2017ലെ നം. 2(1) തീരുമാന പ്രകാരമാണ് ടി പ്രവൃത്തികൾ ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകൾ ജില്ലാപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ചെയ്ത് വരുന്നതിനാൽ വീതി കുറഞ്ഞ ചെറിയ റോഡുകൾ കോൺക്രീറ്റ് ചെയ്യാം എന്നാണ് ഭരണസമിതിയുടെ തീരുമാനം. ഇത്തരം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് കോൺക്രീറ്റ് പ്രവൃത്തിചെയ്യുന്നത് ക്രമപ്രകാരമല്ല. ടി വിഷയത്തിലേക്ക് ഭരണസമതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ബിൽഡിങ്ങ് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ് അടവാക്കിയിട്ടില്ല. തുക കരാറുകാരനിൽനിന്ന് ഈടാക്കി സെൻട്രൽ എക്സൈസ് വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

താഴെ പ്പറയുന്ന ബിൽഡിങ്ങ് പ്രവൃത്തികളിൽ (ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് എഗ്രിമെന്റ് വെച്ചിട്ടുള്ളവ) എസ്റ്റിമേറ്റിലും, പ്രവൃത്തിയുടെ ബില്ലിലും സർവ്വീസ് ടാക്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാർ സർവ്വീസ് ടാക്സ് അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ബിൽ നം. , തീയ്യതി, തുക(രൂ) | കരാറുകാരന്റെ പേര് | ബിൽ പ്രകാരം കരാറുകാരന് നൽകിയിട്ടുള്ള സർവ്വീസ് ടാക്സ് |
|---|---|---|---|---|
| SO 202/18 | കുന്നക്കാട് അംഗൻവാടി റൂഫിങ്ങ് | 13/11-9-17, 144085 | സി.പി. ഷിഹാബുദ്ദീൻ | 14849 |
| N280/18 | കുലിക്കിലിയാട് അംഗൻവാടി റൂഫിങ്ങ് | 60/21-2-18, 99442 | സി.പി. ഷിഹാബുദ്ദീൻ | 9449 |
| SO191/18 | പള്ളിക്കുന്ന് അംഗൻവാടി റൂഫിങ്ങ് | 27/20-17-17, 68811 | ടി. മുസ്തഫ | 6538 |

സർവ്വീസ് ടാക്സ് ഇനത്തിൽ ആകെ 30836/- രൂ. കരാറുകാരിൽ നിന്ന് ഈടാക്കി സെൻട്രൽ

എക്സൈസ് വകുപ്പിലേക്ക് അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

തൻവർഷം പൊതുമരാമത്ത് മേഖലയിൽ ധാരാളം പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇവയിൽ ഒരു ലക്ഷമോ അതിൽ കുറവും അടങ്കൽ ഉള്ള പദ്ധതികളായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ പ്രോജക്ടുകളുടെ എണ്ണം | ഒരു ലക്ഷവും അതിൽ കുറവും അടങ്കലുള്ള പ്രോജക്ടുകൾ |
|---|---|---|
| 2017-18 | 216 | 91 |

ജി.ഓ.(എം.എസ്) നം.72/2018, എൽ.എസ്.ജി.ഡി, തീ. 29-3-2017 പ്രകാരം തദ്ദേശ ഭരണസ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ആയതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതാണ് ഇത്തരം അവസ്ഥയിലേക്ക് നയിക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുന്നു. പ്രോജക്ടുകളുടെ ആധിക്യം പദ്ധതി നിർവ്വഹണത്തിന്റെയും ധനവിനിയോഗത്തിന്റെയും കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു. ആയതിനാൽ കഴിയുന്നത്ര സമഗ്ര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ :37/17

ബിൽ നമ്പർ : 25/17-18 dt 31.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 7,35,150

ചെലവ് : 4,09,400

വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രൊജക്ടിന് ഇ-ടെണ്ടർ വിളിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു.

| സ്ഥാപനത്തിന്റെ പേര് | രേഖപെടുത്തിയ |
|---|---|

| | വില |
|---|---|
| കൃഷ്ണവുഡ് ഇൻഡസ്ട്രി | 4030 |
| രാജധാനി ഏജൻസീസ് | 3739 |
| എ.എച്ച് വുഡ് ഇൻഡസ്ട്രീസ് | 4199 |
| എമിറേറ്റ്സ് മാർക്കറ്റിംഗ് | 3792 |

9.1.18 നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപെടുത്തിയ രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ സാമ്പിൾ കട്ടിൽ പരിശോധിച്ചതിൽ കട്ടിൽ ആവശ്യമായ ഗുണനിലവാരം ഇല്ലാത്തതിനാൽ ടെണ്ടർ റദ്ദാക്കി റീടെണ്ടർ ചെയ്യാൻ 2.3.18 ൽ ചേർന്ന ഭരണ സമിതി യോഗത്തിൽ 1(3)- നം തീരുമാനം എടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 6.3.18 ന് റീടെണ്ടർ നടത്തിയതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു.

| സ്ഥാപനത്തിന്റെ പേര് | രേഖപെടുത്തിയ വില |
|---|---|
| കോസ്റ്റൽ ഫർണ്ണിച്ചർ ഇൻഡസ്ട്രീസ് | 4140 |
| രാജധാനി ഏജൻസീസ് | 3698 |
| എ.എച്ച് വുഡ് ഇൻഡസ്ട്രീസ് | 4094 |
| എം.എച്ച്. ഏജൻസീസ് | 4200 |

പ്രസ്തുത ടെണ്ടറിലും കുറഞ്ഞ തുക രേഖപെടുത്തിയത് രാജധാനി ഏജൻസീസ് ആണെങ്കിലും 9.1.18 ലെ ടെണ്ടറിൽ പങ്കെടുത്ത രാജധാനി ഏജൻസീസിന്റെ കട്ടിൽ ഗുണനിലവാരം ഇല്ലാത്തതിനാൽ ടെണ്ടർ റദ്ദാക്കി പുനർ ടെണ്ടർ ചെയ്തതിനാൽ രാജധാനി ഏജൻസീസിന്റെ ടെണ്ടർ പരിഗണിക്കേണ്ടതില്ലെന്നും രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപെടുത്തിയ എ.എച്ച് വുഡ്ഇൻഡസ്ട്രീസ്, വട്ടമ്പലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നതിനും 22.3.18 ൽ നടന്ന യോഗത്തിൽ 2/1 തീരുമാനം എടുത്തിട്ടുണ്ട്.

രാജധാനി ഏജൻസീസിന്റെ കട്ടിൽ ഗുണനിലവാരം ഇല്ലാത്തതാണെന്നും എ.എച്ച് വുഡ് ഇൻഡസ്ട്രീസിന്റെ ഗുണനിലവാരം ഉള്ളതാണെന്നും സാക്ഷ്യപെടുത്തിയ പരിശോധന റിപ്പോർട്ട് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (14/17.10.18) മുഖേന ആവശ്യപെട്ടുവെങ്കിലും ഹാജരാക്കിയില്ല.

കുറഞ്ഞ നിരക്ക് രേഖപെടുത്തിയ രാജധാനി ഏജൻസിയുടെ ടെണ്ടർ നിരസിച്ചതിന്റെ കാരണവും പരിശോധന സാക്ഷ്യപത്രവും രേഖപെടുത്താതെ എ.എച്ച് വുഡ് ഇൻഡസ്ട്രീസിന്റെ ടെണ്ടർ അംഗീകരിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ സാധനങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ നടപടി ക്രമങ്ങളിൽ കൂടുതൽ സുധാര്യത പുലർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-10** വൃദ്ധർക്ക് കട്ടിൽ വിതരണം -4 കട്ടിൽ വിതരണം ചെയ്തിട്ടില്ല

പ്രൊജക്ട് നമ്പർ-37

അടങ്കൽ-7,35,150

ചെലവ്-4,09,400

വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് 100 കട്ടിലുകൾ എ.എച്ച്. വുഡ് ഇൻഡസ്ട്രീസ്, വട്ടമ്പലം, കുമരമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിൽ 96 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/17.10.18) 4 ഗുണഭോക്താക്കൾ മരണപ്പെട്ടുവെന്നും ബാക്കി വന്ന 4 കട്ടിലുകൾ വിതരണം ചെയ്യാൻ 2018-19 ൽ സ്പിൽ ഓവറായി പ്രൊജക്ട് നടപ്പാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടി വരുന്നത് ഒഴിച്ചുകൂടാനാവാത്തതാണ്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള കരിമ്പുഴ ഗ്രാമപഞ്ചായത്ത് തെരുവു വിളക്കുകളുടെ ഉപഭോഗത്തിനനുസൃതമായി കൃത്യമായ നിരക്കിലല്ല വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ല. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടായെങ്കിലും നാളിതുവരെ പരിശോധന നടന്നിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയും പ്രകാരം തെരുവു വിളക്കുകളുണ്ട്. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ വൈദ്യുതി ബോർഡിന്റെ ഡിമാന്റ് അനുസരിച്ചുള്ള തുകയാണ് ഒടുക്കി വരുന്നത്. പ്രതിമാസം 32915/- രൂപ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.തൻവർഷം ഇപ്രകാരം ഒടുക്കിയിരിക്കുന്നത് 478764/- രൂപയാണ്.

| ക്രമ നം | ഇനം | എണ്ണം | പ്രതിമാസ വൈദ്യുതി ചാർജ് | 18.04.17 മുതൽ നിരക്ക് | നിലവിൽ പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് 100 വാട്ട് | 97 | 15035 | 167 | 16199 |
| 2 | സിഎഫ്എൽ 1*22വാട്ട് | 100 | 1400 | 32 | 3200 |
| 3 | സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 28 | 11592 | 447 | 12516 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 28027 | | 31915 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. നിലവിൽ പഞ്ചായത്തിൽ തെരുവു വിളക്കുകളുടെ വിവരം സംബന്ധിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-12 കുടിവെള്ളം - പൊതുടാപ്പുകളുടെ വാട്ടർചാർജ് ഇനത്തിൽ അമിതചെലവ് - പരിഹാരനടപടി സ്വീകരിക്കേണ്ടതാണ്

104 ടാപ്പുകൾക്ക് പ്രതിവർഷം 5250/- രൂപ നിരക്കിൽ പ്രതിമാസം 45500/- രൂപ വീതമാണ് കുടിവെള്ള പൊതുടാപ്പുകളുടെ വാട്ടർചാർജ് ഒടുക്കുന്നതിനായി പഞ്ചായത്ത് ചെലവഴിച്ചുവരുന്നത്. ഈ ഇനത്തിൽ ഭീമമായ ചെലവ് തുടരുമ്പോഴും പ്രവർത്തിക്കുന്ന പൊതുടാപ്പുകൾ എത്രയുണ്ടെന്ന് തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനും വാട്ടർ ചാർജ് അതനുസരിച്ച് കുറവ് ചെയ്യുന്നതിനും നടപടിയില്ല. ഈ വിഷയം സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉണ്ടായ പരാമർശങ്ങളിൻമേലും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാതിരുന്നത് അഭിലഷണീയമല്ല.

3-4-2017-ലെ സ.ഉ.(എംസ്.)നമ്പർ 80/2017/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ച 13-ാം പദ്ധതിയിലെ ആദ്യവർഷത്തെ സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച്, പൊതു കുടിവെള്ള ടാപ്പുകൾ നൽകാൻ പാടില്ലാത്തതും, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതും, ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ഹൗസ് കണക്ഷൻ നൽകുന്ന രീതിയിൽ പദ്ധതികൾ ഏറ്റെടുക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്തപദ്ധതി ഏറ്റെടുക്കാവുന്നതാണെന്ന് 29-3-17 ലെ ജി.ഒ(എം.എസ്) 72/17/തസ്വഭവ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. എന്നാൽ ഇതനുസരിച്ച് കുടിവെള്ള ഗാർഹിക കണക്ഷൻ നൽകുന്നതിന് പദ്ധതികൾ ഏറ്റെടുക്കുന്നതിനായി നാളിതുവരെ നടപടികൾ സ്വീകരിക്കാത്തത്

സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന അടിയന്തിരമായി നടത്തേണ്ടതും വാട്ടർ ചാർജ് അതനുസരിച്ച് ക്രമീകരിക്കേണ്ടതുമാണ്. കുടിവെള്ള ഗാർഹിക കണക്ഷൻ ഏറ്റെടുക്കുന്നതിന് അടിയന്തിര പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.

## 3-13 തനത് ഫണ്ടിൽ നിന്നും ചെലവ് ചെലവു ചെയ്ത തുക ക്രമീകരിക്കേണ്ടതാണ്

കല്യക്കിലിയാട് എസ്.വി.യു.പി. സ്കൂളിൽ 2017 മാർച്ച് 9,10,11 തിയ്യതികളിലായി സ്കൂൾ കുട്ടികൾക്ക് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വേനലവധി ക്യാംപ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് പ്രോഗ്രാം കൺവീനറായ വി.ഇ.ഓ.ക്ക് 10,000/- രൂപ അനുവദിച്ചിട്ടുണ്ട് (വൗ.നം.21700131/30-05-17). തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ സ.ഉ.(സാധാ)നം.1485/2017/തസ്വഭവ തി.08/05/2017 ഉത്തരവനുസരിച്ച് ശുചിത്വ മിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ നൽകാമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്. എന്നാൽ ശുചിത്വ മിഷൻ ഫണ്ടിൽ തുക ലഭ്യമായതിന് ശേഷവും ടി.തുക തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. ആയത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 കാവുണ്ട സ്മാർട്ട് അംഗൻവാടി -പ്രൊജക്റ്റ് ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രൊജക്റ്റ് നമ്പർ :38/17

ബിൽ നമ്പർ : 11/17-18 dt 31.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ICDS സൂപ്പർവൈസർ

അടങ്കൽ : 75,000

ചെലവ് : 71,080

കാവുണ്ട സ്മാർട്ട് അംഗൻവാടി എന്ന പ്രൊജക്റ്റ് പ്രകാരം 71080 രൂപ താഴെ പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങിയതിന് ചെലവഴിച്ചിട്ടുണ്ട്.

Invoice no. ATP/2017-18/214

| ഇനം | തുക | സി.ജി.എസ്.ടി | എസ്.ജി.എസ്.ടി | ആകെ |
|---|---|---|---|---|
| ലാപ് ടോപ്പ് (ഏസർ) | 25847.46 | 2326.27 | 2326.27 | 30500 |
| കാരി കേസ് | 889.83 | 80.08 | 80.08 | 1050 |
| വിൻഡോസ് 10 സിംഗിൾ ലാംഗ്വേജ് | 7144.07 | 642.97 | 642.97 | 8430 |

| | |
|---|---|
| ആകെ | 39980 |

Invoice no. ATP/2017-18/214

| ഇനം | തുക | സി.ജി.എസ്.ടി | എസ്.ജി.എസ്.ടി | ആകെ |
|---|---|---|---|---|
| പ്രൊജക്ടർ ഡെൽ | 21484.38 | 3007.81 | 3007.81 | 27500 |
| സ്ക്രീൻ ട്രൈപോഡ് | 3050.85 | 274.58 | 274.58 | 3600 |
| ആകെ | | | | 31100 |

പ്രസ്തുത ഉപകരണങ്ങൾ കാവുണ്ട അംഗൻവാടിയിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ അംഗൻവാടിയിൽ പ്രവർത്തനസജ്ജമാക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ആയത് പ്രവർത്തിപ്പിക്കുന്നതിന് പരിശീലനമൊന്നും ലഭ്യമായിട്ടില്ലെന്ന് സൂപ്പർവൈസർ ഓഡിറ്റ് എൻക്വയറിക്ക് (16/20.10.18) നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെയും ലാപ് ടോപ്പ്, പ്രൊജക്ടർ സ്ക്രീൻ എന്നിവ പ്രവർത്തിപ്പിക്കാനുള്ള പരിശീലനം നൽകാതെയും ഉപകരണങ്ങൾ വാങ്ങിയത് പ്രൊജക്ട് രൂപീകരണവേളയിലെ ആസൂത്രണമില്ലായ്മയാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി സമിതികൾ വിലയിരുത്തിയതായി രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. അംഗൻവാടിക്ക് നൽകിയിട്ടുള്ള ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 എസ്.സി. വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ്പ് നൽകൽ - രജിസ്ട്രേഷൻ രേഖ ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ :1/17

ബിൽ നമ്പർ : 22/17-18 dt 31.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 5,40,000

ചെലവ് : 3,01,950

പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പ്രൊജക്ട് പ്രകാരം വിനിഷ.എം, D/o.മോഹനൻ, മേലെകല്ലുക്കിലിയാട് ഹൗസ്, കോട്ടപ്പുറം പി.ഒ, മണ്ണാർക്കാട് എന്ന വിദ്യാർത്ഥിനിക്ക് (മണ്ണാർക്കാട് കോപ്പറേറ്റീവ് കോളേജ്, മണ്ണാർക്കാട്) ലാപ് ടോപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥിനിക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (14/17.10.18) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാമെന്ന മറുപടിയാണ് ലഭിച്ചത്. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-16 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി, അസി.എഞ്ചിനീയർ തുടങ്ങിയവർ നിർവ്വഹണോദ്യോദസ്ഥരായി വിവിധ കോളനികളിലേക്ക് താഴെ പറയും പ്രകാരം പൈപ്പ് ലൈൻ കണക്ഷൻ ദീർഘിപ്പിക്കുന്നതിനുമായി KWA യിലേക്ക് താഴെ പറയുന്ന പദ്ധതികളിലായി തുക നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗവിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം | തുക |
|---|---|---|---|---|
| 1 | KWA | ഊത്തലക്കോളനി പൈപ്പ് ലൈൻനീട്ടൽ | 21700911/ 14.2.18 | 400000/- |
| 2 | KWA | കാവുണ്ടക്കോളനി പൈപ്പ് ലൈൻനീട്ടൽ | 21700991/ 20.2.18 | 50000/- |
| 3 | KWA | താലപ്പൊലിക്കോളനി പൈപ്പ് ലൈൻ നീട്ടൽ | 21700910/ 8.3.18 | 49000/- |
| 4 | KWA | പണിക്കരുകുളം കോളനി പൈപ്പ് ലൈൻനീട്ടൽ | 21701122/ 24.3.18 | 35800/- |
| 5 | KWA | തോട്ടര കോളനി പൈപ്പ് ലൈൻനീട്ടൽ | 21701121/ 24.3.18 | 34300/- |
| 6 | KSEB | തേലക്കാട് കോളനി ഇലക്ട്രിക് ലൈൻനീട്ടൽ | 2701104/ 17.3.18 | 94150/- |
| 7 | KSEB | മേലേകോട്ടയിൽ കോളനി ഇലക്ട്രിക് ലൈൻനീട്ടൽ | 21701076/ 20.3.18 | 20000/- |

## 3-17 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - 33/18

അടങ്കൽ - 2500000(പദ്ധതിഫണ്ട്--ജനറൽ)

ചെലവ് - 193750

ബിൽ നമ്പർ - 1/22.3.18

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് 31 ഗുണഭോക്താക്കൾക്കായി പദ്ധതിവിഹിതമായ ₹ 193750/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രൊഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-18 പി.എം.എ.വൈ -രസീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ : 13/17

ബിൽ നമ്പർ : 1/17-18 dt 25.8.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 7,20,000

ചെലവ് : 7,20,000

പ്രധാനമന്ത്രി ആവാസ് യോജന പഞ്ചായത്ത് വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 7,20,000/- രൂപ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക നൽകിയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (14/17.10.18) നൽകിയിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-19 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൺവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗൺവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം ഗ്രാമപഞ്ചായത്തിലെ അംഗൺവാടികളിൽ നടന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൺവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് സബ്സിഡി (പ്രോജ.നം.32/18 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 297500 | സമഗ്ര നെൽകൃഷി വികസനം (പ്രോജ.നം3/18) | 297500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 470250 | | 470250 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ഊത്തലക്കോളനി പൈപ്പ് ലൈൻ നീട്ടൽ (പ്രോജ.നം317/18) | 21700911/14.2.18 | 400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല |
| ---ടി--- | കാവുണ്ട ലക്ഷം വീട്കോളനി പൈപ്പ് ലൈൻ നീട്ടൽ (പ്രോജ.നം318/18) | 21700991/20.2.18 | 50000 | -------ടി------- |
| ---ടി--- | താലപ്പൊലിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ(പ്രോജ.നം316/18) | 21700910/8.3.18 | 49000 | -------ടി------- |
| ---ടി--- | പണിക്കരുകുളം കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (പ്രോജ.നം387/18) | 21701122/24.3.18 | 35800 | -------ടി------- |
| ---ടി--- | തോട്ടര-കോട്ടായിൽ കോളനി പൈപ്പ് ലൈൻനീട്ടൽ (പ്രോജ.നം359/18) | 21701121/24.3.18 | 34300 | -------ടി------- |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | തേലക്കാട് കോളനി വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജ.നം383/18) | 21701104/17.3.18 | 94150 | -------ടി------- |
| ---ടി--- | മേലേകോട്ടയിൽ കുടി വെള്ളപദ്ധതി-ത്രീ ഫേസ് കണക്ഷൻ (പ്രോജ.നം344/18) | 21701076/20.3.18 | 20000 | -------ടി------- |

## **4-3** <u>മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ</u>

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്ത് വായ്പ/വായ്പാതിരിച്ചടവ് ഇനത്തിൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 3-11(2) | 5103 | ജിനു അരവിന്ദ്,<br>അസി. എഞ്ചിനീയർ | 11703102752/17.8.17 |
| 2013-14<br>2014-15 | 3-1 | 19528 | ജിനു അരവിന്ദ്,<br>അസി. എഞ്ചിനീയർ | 117030500004/19.8.17 |
| 2016-17 | 3-2 | 325 | അനിത കെ.<br>അസി. എഞ്ചിനീയർ | 11703104694/17-1-18 |
| 2008-09 | 2-3 | 143 | ബി.ജെ.വിജയൻ,<br>സെക്രട്ടറി | 11703105746/17-1-18 |
| ആകെ | | 25099/- | | |

AFS പ്രകാരമുള്ള ഈ ഇനത്തിലെ ആകെ തുക 42134/- രൂപയാണ്. ഇതിൽ 17000/- രൂപ 2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ നേരിട്ട് അടവാക്കിയ തുകയാണ്. അവശേഷിക്കുന്ന തുക 35/- രൂപ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2017 ലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയതുമാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | |
| 2011-12 | (3-12) | 2013-14 | (3-1) | അധികരിച്ച ചെലവിൽ പോഷകാഹാര വിതരണം | സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ട്. വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57864155 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76613490 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 797576 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10,000/- | ഡോ.ആശ വി.പിള്ള, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 661950 | ശ്രീ.പി.കെ.ബാലകൃഷ്ണൻ, അസി.എഞ്ചിനീയർ |
| 3-5 | 135626 | ശ്രീ.ഇ.എസ്. പരമേശ്വരൻ, ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ-3-7- 30836/-രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആശ വി.പിള്ള, കൃഷി ഓഫീസർ | കൃഷി ഓഫീസർ, അമ്പലപ്പുഴ സൗത്ത്, ആലപ്പുഴ ജില്ല | പാമക്കാവടിക്കകത്ത്, നോർത്ത് ആര്യാട് (പി.ഓ), ആലപ്പുഴ ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്. പി.12/140/18-3-14 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്. പി.8/424(a)/25/12/08 | ടി |
| 1998-1999 | എൽ.എഫ്. പി.8/849/08/2-6-10 | ടി |
| 1999-2000 | എൽ.എഫ്. പി.8/849(b)/08/2-12-09 | ടി |
| 2000-2001 | എൽ.എഫ്. പി.8/1477/08/17-4-09 | ടി |
| 2001-2002 | എൽ.എഫ്. പി.8/849/09/17-11-09 | ടി |
| 2002-2003 | എൽ.എഫ്. പി.12/1993/11/16-3-11 | ടി |
| 2003-2004 | എൽ.എഫ്. പി.12/1990/11/16-3-11 | ടി |
| 2004-2005 | എൽ.എഫ്. പി.12/1991/11/15-3-12 | ടി |
| 2005-2006 | എൽ.എഫ്.പി.12/1267(1)/12/20-9-12 | ടി |
| 2006-2007 | എൽ.എഫ്. പി.12/1267(2)12/20-9-12 | ടി |
| 2007-2008 | എൽ.എഫ്. പി.12/1267(3)12/20-9-12 | ടി |
| 2008-2009 | എൽ.എഫ്. പി.12/1267(4)12/20-9-12 | ടി |
| 2009-2010 | എൽ.എഫ്. പി.12/1414/13/6-12-13 | ടി |

| | | |
|---|---|---|
| 2010-2011 | | |
| 2011-2012 | എൽ.എഫ്. പി.12/1022/14/16-7-14 | ടി |
| 2012-13 | നം.എൽ.എഫ്.പി. 12- 340/15/9.04.15 | റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്സ്.എ.പി.കെ.ഡി.14/1179/2016, തിയതി.1/8/2016 | ” |
| 2015-16 | കെ.എസ്സ്.എ.പി.കെ.ഡി.14/ /2016, തിയതി. / /2016 | ടി |
| 2016-17 | കെ.എസ്സ്.എ.പി.കെ.ഡി.12/1873/2017 തിയ്യതി.20.10.17 | ടി |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി: സഞ്ചയയിലേയും വാർഷിക കണക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (ഷെഡ്യൂൾ I-16) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## പത്രികകൾ

A. RECEIPT & PAYMENT STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25904845.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 833208.00 |
| 140000000 | Fees & User Charges | RP-4 | 340212.00 |
| 150000000 | Sale & Hire Charges | RP-5 | 144602.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48634082.00 |
| 171000000 | Interest Earned | RP-9 | 79155.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3870048.00 |
| 350000000 | Other Liabilities | RP-36 | 48292.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 42157.00 |
| 340000000 | Deposits Received | RP-34 | 23370.00 |

| | | | |
|---|---|---|---|
| 341000000 | Deposit Works | RP-35 | 184094.00 |
| 350000000 | Other Liabilities | RP-36 | 181257.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3359678.00 |
| 460000000 | Loans, Advances and Deposits | RP-47 | 124000.00 |
| | Grand total | | 83769000.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2918367.00 |
| 220000000 | Administrative Expenses | RP-12 | 627603.00 |
| 230000000 | Operations & Maintenance | RP-13 | 1294005.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4336110.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14604017.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1273758.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 3527876.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 44400.00 |
| 255000000 | Maintenance Projects | RP-20 | 6527197.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 17500.00 |
| 350000000 | Other Liabilities | RP-36 | 3884738.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1690.00 |
| 340000000 | Deposits Received | RP-34 | 63000.00 |
| 350000000 | Other Liabilities | RP-36 | 1627222.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 13380138.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 20981135.00 |
| 460000000 | Loans, Advances and Deposits | RP-47 | 1504734.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7047122.00 |
| Cash | Cash | RP-40(b) | 108388.00 |
| | Grand Total | | 83769000.00 |

B. INCOME & EXPENDITURE STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4241336.00 |
| 140000000 | Fee & User Charges | I-4(b) | 428412.00 |
| 150000000 | Sale & Hire Charges | I-5(b) | 144602.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 115004765.00 |
| 171000000 | Interest Earned | I-8 | 79155.00 |
| 180000000 | Other Income | I-9 | 186342.00 |
| | Total Income | | 120084612.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7930606.00 |
| 220000000 | Administrative Expenses | I-11(b) | 637603.00 |
| 230000000 | Operations & Maintenance | I-12(b) | 1294005.00 |
| 240000000 | Interest & Finance Charges | I-13 | 1690.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4338010.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34268838.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1575978.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3527876.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 54049124.00 |
| 255000000 | Maintenance Projects | I-14(e) | 6527197.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 17500.00 |
| | Total Expenditure | | 114168427.00 |
| | Gross Surplus/ Deficit of income over Expenditure | | 5916185.00 |
| 280000000 | Prior Period Item | I-18 | -2003463.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7919648.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

C. BALANCE SHEET

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37424798.00 |
| 312000000 | Reserves | B-3 | 54002645.00 |
| | Total Reserve & Surplus | | 91427443.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2410406.00 |
| | Total Grants, Contributions for Specific Purposes | | 2410406.00 |

| | | | |
|---|---|---|---|
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 237582.00 |
| 341000000 | Deposits Works | B-8 | 184094.00 |
| 350000000 | Other Liabilities | B-9 | 606675.70 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1028351.70 |
| | TOTAL LIABILITIES | | 94866200.70 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 64197519.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 64197519.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 22455199.70 |
| 450000000 | Cash and Bank Balance | B-17 | 7155510.00 |
| 460000000 | Loand, Advances and Deposits | B-18 | 1057972.00 |
| | Total Current Assets, Loans and Advances | | 30668681.70 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 94866200.70 |

DEPUTY DIRECTOR